(22-01-2021)

# ശ്രീ. ടി.വി. ഇബ്രാഹിം എം.എൽ.എയുടെ സബ്മിഷനുള്ള മുഖ്യമന്ത്രിയുടെ മറുപടി

സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖേന ഹജ്ജ് കർമ്മത്തിനു പോകുന്നതിനുള്ള ഹജ്ജ് എംബാർക്കേഷൻ പോയിന്റായി 2002 മുതൽ കോഴിക്കോട് വിമാനത്താവളം പ്രവർത്തിച്ചുവരികയാണ്. 2015-ൽ റൺവേയുടെ അറ്റകുറ്റപ്പണികൾ ചൂണ്ടിക്കാട്ടി ഹജ്ജ് എംബാർക്കേഷൻ പോയിന്റ് നെടുമ്പാശ്ശേരിയിലേക്ക് മാറ്റുകയും 2018 വരെ നെടുമ്പാശ്ശേരിയിൽ സൗകര്യം ഏർപ്പെടുത്തുകയും ചെയ്തു. സംസ്ഥാന സർക്കാരിന്റെ ശ്രമഫലമായി 2019 ൽ കോഴിക്കോടിനെ വീണ്ടും ഹജ്ജ് എംബാർക്കേഷൻ പോയിന്റായി പരിഗണിച്ചു.

2020 ആഗസ്റ്റിൽ നടന്ന വിമാനദുരന്തത്തെതുടർന്ന് കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിൽനിന്നും വലിയ വിമാനങ്ങൾക്കുള്ള യാത്രയ്ക്ക് വിലക്ക് ഏർപ്പെടുത്തിയിരിക്കുകയാണ്. വിലക്ക് പിൻവലിക്കുന്നതിനാവശ്യമായ തുടർനടപടി സ്വീകരിക്കാൻ കോഴിക്കോട് വിമാനത്താവള ഡയറക്ടറോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

കേരളത്തിൽനിന്നും ഏറ്റവും സൗകര്യപ്രദവും, കൂടുതൽ ആളുകൾ യാത്ര പുറപ്പെടുന്നതുമായ എംബാർക്കേഷൻ പോയിന്റായ കോഴിക്കോടിനെ എംബാർക്കേഷൻ പോയിന്റായി

നിലനിർത്തണമെന്ന് സംസ്ഥാന ഹജ്ജ് കമ്മിറ്റി ആവശ്യപ്പെട്ടിരുന്നെങ്കിലും ഇതുവരെ അനുകൂലമായ തീരുമാനമുണ്ടായിട്ടില്ല. 2020 ൽ വിമാനത്താവളത്തിലുണ്ടായ അപകടകാരണം കണ്ടെത്തുന്നതിന് നിയോഗിച്ചിട്ടുള്ള Aircraft Accident Investigation Bureau (AAIB) യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ വലിയ വിമാനത്താവളങ്ങൾ ഉപയോഗിച്ചുള്ള സർവീസ് പുനരാരംഭിക്കുകയുള്ളൂ എന്നാണ് അറിയുന്നത്. കോഴിക്കോട് വിമാനത്താവളം ഹജ്ജ് എംബാർക്കേഷൻ പോയിന്റായി നിലനിർത്തുന്നതിന്റെ ആവശ്യകത വീണ്ടും കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

കോഴിക്കോട് വിമാനത്താവളത്തിലേക്കുള്ള പ്രധാന റോഡ് അന്തർദേശീയ നിലവാരത്തിൽ പുനർനിർമ്മിക്കുന്നതിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റോഡിന്റെ അറ്റകുറ്റപ്പണി യഥാസമയം നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

* * *